## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

അതെ, മുഴുലോകവും ലഭിക്കുന്നതിനേക്കാൾ യേശുവിനെ ലഭിക്കുന്നതാണ് സൗഭാഗ്യം. എന്തെന്നാൽ അതു മാത്രമാണ് ജീവിതത്തിന് സംതൃപ്തി പ്രദാനം ചെയ്യുന്നത്. ഇതു പറഞ്ഞ ദാവീദിന്റെ അനുഭവം നോക്കുക. ലോകപ്രകാരം അവൻ ഒന്നിനും കുറവില്ലാത്തവനും യാതൊരു പ്രയാസവുമില്ലാതെ ജീവിച്ചവനുമായിരുന്നോ? പല അനുഭവങ്ങൾ വച്ചു നോക്കിയാൽ, ദാവീദിനെപ്പോലെ പ്രയാസവും അരിഷ്ടതയും അനുഭവിച്ച അധികമാരും ഇല്ലെന്നു തോന്നിപ്പോകും. എത്രനാൾ അവൻ ശൗലിനെ പേടിച്ച് കാടകളിലും മലകളിലും ഓടി നടക്കുകയും ഗുഹകളിൽ പാർക്കുകയും ചെയ്യേണ്ടി വന്നു. സ്വന്തം മകനിൽ നിന്നു പോലും രക്ഷപ്പെടുന്നതിന് അവൻ ഒരു അനാഥനെയും അരിഷ്ടനെയും പോലെ ഓടിപ്പോകേണ്ടി വന്നു.

എങ്കിലും അവൻ പറയുന്നത്, 'എന്റെ ഇടയനായ യഹോവ എന്നെ പച്ചപുൽപുറത്തു കിടത്തുന്നു' എന്നാണ്. ശൗലിനെ ഭയപ്പെട്ട് ഓടി കാടുകളിൽ ആഹാരമില്ലാതെ കിടന്നപ്പോഴും 'പച്ചപുൽപുറത്തു കിടക്കുന്ന' അനുഭവമായിരുന്നു. സ്വന്തം മകനെ ഭയപ്പെട്ട് ഓടുമ്പോഴും 'പച്ചപുൽപുറത്തു കിടക്കുന്ന' അനുഭവമാണ് അവനുള്ളത്. ശത്രുക്കൾ അവനെ പരിഹസിക്കുകയും മണ്ണ് വാരി എറിയുകയും ചെയ്തപ്പോഴും അവന്റെ അനുഭവം 'പച്ചപുൽപുറത്തു കിടക്കുന്ന' തിന് തുല്ല്യമായിരുന്നു. ഇത് നാം മനസ്സിലാക്കി ജീവിതത്തിൽ ആത്മീയസന്തോഷം കണ്ടെത്തി ജീവിക്കണം. അപ്പോസ്തലനായ പൗലൊസിന്റെ അനുഭവം നോക്കിയാൽ, അദ്ദേഹം അനുഭവിച്ചതുപോലുള്ള കഷ്ടതകൾ ഈ ലോകത്തിൽ അധികംപേർ അനുഭവിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല. കല്ലേറ്, പട്ടിണി, അടി, നഗ്നത, ആപത്ത്, വാള്, കപ്പൽഛേദം, ഉറക്കിളപ്പ് എന്നുവേണ്ടാ കഷ്ടതയുടെ ഒരു നീണ്ട പട്ടിക തന്നെ വിവരിക്കുന്നുണ്ട്.

പക്ഷെ പിറുപിറുത്തുകൊണ്ടും നെടുവീർപ്പിട്ടുകൊണ്ടും അല്ല അദ്ദേഹം പറയുന്നത്, പ്രത്യുത വിജയത്തിന്റെയും സംതൃപ്തിയുടെയും ധ്വനിയോടെ കൂടെയാണ്. അപ്രകാരമുള്ള അനുഭവങ്ങളുടെയെല്ലാം മദ്ധ്യത്തിലും അദ്ദേഹം തികച്ചും സംതൃപ്തനായിരുന്നു. ലോകപ്രകാരമുള്ള പല കാര്യങ്ങളിലും അദ്ദേഹം കുറവുള്ളവനായിരുന്നു. എന്നാൽ യേശു അദ്ദേഹത്തിന്റെ കൂടെ ഉണ്ടായിരുന്നു, ആകയാൽ അദ്ദേഹം സംതൃപ്തനായിരുന്നു. ക്രിസ്തീയ ജീവിതമെന്നു പറയുന്നത് ലോകപ്രകാരം പട്ടുമെത്തയുടെ അനുഭവമല്ല, മറിച്ച് തികഞ്ഞ ആത്മ സംതൃപ്തിയുടെ അനുഭവമാണ്.

തുടരും....